"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് 2024 മെയ് മാസം വിതരണം ചെയ്യേണ്ട സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ(എസ് എഫ് സി - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4776/2024/ധന** **തീയതി,തിരുവനന്തപുരം, 18-06-2024**

പരാമർശം:-
1. സ.ഉ (സാധാ) നം. 2438/2024/ധന തീയതി 15.03.2024.
2. ഇൻഫർമേഷൻ കേരള മിഷന്റെ 03/06/2024 തീയതിയിലെ ഇ-മെയിൽ സന്ദേശം.
3. 05/06/2024 തീയതിയിലെ എസ് എഫ് സി - ബി1/153/2024/ധന നമ്പർ സർക്കാർ കത്ത്.
4. 12/06/2024 തീയതിയിലെ എൽ.എസ്.ജി.ഡി റൂറൽ ഡയറക്ടറുടെ LSGD/PD/14976/2024-SSP2 നമ്പർ കത്ത്

## ഉത്തരവ്

ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നല്കിവരുന്നു. 2024 മെയ് മാസത്തിൽ വിതരണം ചെയ്യേണ്ട സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (1) പ്രകാരം അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ 4950 ഗുണഭോക്താക്കൾക്ക് ടി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് തയ്യാറാക്കപ്പെട്ട ബില്ലിൽ പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ ബില്ല് ഡാറ്റ എറർ സംഭവിച്ചതു കാരണം ജനറേറ്റ് ആയില്ലായെന്ന് പരാമർശം (2) പ്രകാരം ഐ കെ എം അറിയിച്ചിരുന്നു. ടി ഗുണഭോക്താക്കൾക്ക് ടി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനായി ബിൽ സമർപ്പിക്കാൻ പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പാലക്കാട് ജില്ലയിലെ പുതുപരിയാരം ഗ്രാമപഞ്ചായത്തിൽ ടി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നതിലേക്കു വേണ്ടി ആകെ 4948 ഗുണഭോക്താക്കൾക്ക് 75,45,500/- (എഴുപത്തി അഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) (ബാങ്ക് വഴി 2091 ഗുണഭോക്താക്കൾക്ക് 31,88,800/- രൂപയും സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ട് 2857 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലേക്ക് 43,56,700/- രൂപയും) ആവശ്യമായി വരുമെന്ന് പരാമർശം (4) പ്രകാരം എൽ.എസ്.ജി.ഡി റൂറൽ ഡയറക്ടർ അറിയിച്ചിരിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ സഹായ പദ്ധതിയിൽ വരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ പെൻഷനുകളിൽ

ടി മാസത്തിൽ വിതരണം ചെയ്യേണ്ട പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ 289 ഗുണഭോക്താക്കൾക്ക് NSAP വിഹിതം നൽകുന്നതിനായി 94,300/- രൂപ (തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ് രൂപ മാത്രം) (ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 80 വയസ്സിന് മുകളിലുള്ള 38 ഗുണഭോക്താക്കൾക്ക് 19,000/- രൂപ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ 7 ഗുണഭോക്താക്കൾക്ക് 2100/- രൂപ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 244 ഗുണഭോക്താക്കൾക്ക് 73,200/- രൂപ) ആവശ്യമായി വരുമെന്നും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ 2024 മെയ് മാസത്തെ വിതരണത്തിന് ശേഷം 91,92,700/- (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി എഴുന്നൂറ് രൂപ മാത്രം) നീക്കിയിരിപ്പുണ്ടെന്ന വിവരവും അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ 4948 ഗുണഭോക്താക്കൾക്ക് മേൽ പെൻഷൻ വിതരണം നടത്തുന്നതിനായി 75,45,500/- രൂപ (എഴുപത്തി അഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) (ബാങ്ക് വഴി 2091 ഗുണഭോക്താക്കൾക്ക് 31,88,800/- രൂപയും സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ട് 2857 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലേക്ക് 43,56,700/- രൂപയും), പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ ശേഷിക്കുന്ന തുകയിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ ടി പഞ്ചായത്തിലെ ടി മാസത്തിൽ വിതരണം ചെയ്യേണ്ട 289 ഗുണഭോക്താക്കൾക്ക് NSAP വിഹിതം നൽകുന്നതിനായി 94,300/- രൂപ (തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ് രൂപ മാത്രം) ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി. അനിൽ പ്രസാദ്**
**അഡീഷണൽ സെക്രട്ടറി**

സ്വീകർത്താക്കൾ:
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.2818289/എസ് എഫ് സി ബി/153/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**2024 മെയ് മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ**

| | ബാങ്ക് | | DTH | | ആകെ | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| കർഷക തൊഴിലാളി പെൻഷൻ | 83 | 128800 | 411 | 643600 | 494 | 772400 |
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1113 | 1690800 | 1387 | 2070200 | 2500 | 3761000 |
| ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 181 | 284500 | 187 | 294200 | 368 | 578700 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 45 | 72000 | 47 | 75200 | 92 | 147200 |
| ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 669 | 1012700 | 825 | 1273500 | 1494 | 2286200 |
| **ആകെ** | **2091** | **3188800** | **2857** | **4356700** | **4948** | **7545500** |

| **2024 മെയ് മാസം എൻ എസ് എ പി ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ** | | |
|---|---|---|
| | **എണ്ണം** | **തുക** |
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 38 | 19000 |
| ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 7 | 2100 |
| ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 244 | 73200 |
| ആകെ | 289 | 94300 |